# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2514 — 11/10/2011 ന് മറുപടിയ്ക്ക്

## വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ), (ബി), (സി) മീഞ്ച, കോയിപ്പാടി, കടമ്പാർ വില്ലേജുകളിൽ ഒരു വർഷമായും കയ്യാർ വില്ലേജിൽ 2 മാസമായും കുഞ്ചത്തൂർ, ഹൊസബെട്ടു വില്ലേജുകളിൽ 1 മാസമായും ഇച്ചിലംങ്കോട് വില്ലേജിൽ 7/09/2011 മുതലും കൊടലമൊഗറു, എൺമകജെ വില്ലേജുകളിൽ 24/09/2011 മുതലും വില്ലേജോഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു. ടി ഒഴിവുകൾ നികത്തുന്നതിലേക്കായി ലാന്റ് റവന്യൂ കമ്മീഷണറുടെ 17/09/2011 ലെ എൽ.ആർ.ഇ7-15815/11 നം. ഉത്തരവ് പ്രകാരം വില്ലേജോഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ കാസർഗോഡ് ജില്ലയിലേയ്ക്ക് അലോട്ട് ചെയ്തിട്ടുണ്ട്. ടി വില്ലേജോഫീസർമാർ ജോലിയിൽ പ്രവേശിക്കുന്നതോടെ മേൽ പരാമർശിത ഒഴിവുകൾ നികത്തപ്പെടും. |
| (ബി) ഓരോ വില്ലേജുകളിലും എത്ര നാളായി വില്ലേജ് ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ; | |
| (സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ.